# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1176 — 02.05.2017 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ കൃഷിത്തോട്ടങ്ങൾ

| ചോദ്യം<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ എത്ര കൃഷിത്തോട്ടങ്ങൾ നിലവിലുണ്ട്; | എ) കാസർഗോഡ് ജില്ലയിൽ കൃഷി വകുപ്പിന് കീഴിൽ സംസ്ഥാന വിത്തുല്പാദന കേന്ദ്രം കാസർഗോഡ്, സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രം പുല്ലൂർ, കാഷ്യൂ പ്രൊജനി ഓർച്ചാഡ് ആദൂർ-ഗ്വാളിമുഖ എന്നിങ്ങനെ 3 കൃഷിത്തോട്ടങ്ങൾ നിലവിലുണ്ട്. |
| ബി) ഈ തോട്ടങ്ങളിൽ കൃഷി വൈവിധ്യ വത്കരണത്തിന്റെ ഭാഗമായി വിള പരിവർത്തനം നടത്തിയിട്ടുണ്ടോ; | ബി) ഉണ്ട്. വൈവിധ്യവത്കരണത്തിന്റെ ഭാഗമായി സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങളിൽ നെൽവിത്തിനുപുറമേ, പച്ചക്കറി വിത്തുകൾ, ഫല വർഗ്ഗ ഗ്രാഫ്റ്റുകൾ, കുരുമുളക് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നുണ്ട്. |
| സി) ഈ തോട്ടങ്ങളിലൂടെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളും സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മേൽ തോട്ടങ്ങളിലൂടെ കർഷകർക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലും എസ്.എച്ച്.എം. പദ്ധതികളിലും, അത്യുൽപ്പാദന ശേഷിയുള്ള നെൽ വിത്ത്. പച്ചക്കറി വിത്തുകൾ, കശുമാവ് തുടങ്ങിയ ഫല വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ, വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ എന്നിവ വിതരണം ചെയ്തു വരുന്നു. ടി നടീൽ വസ്തുക്കൾ, കൃഷി ഭവനുകളിലൂടെയും, ഫാമുകളിൽ നിന്ന് നേരിട്ടും, സർക്കാർ ഏജൻസികളിലൂടെയും ആണ് നൽകിവരുന്നത്. ഈ ഫാമുകളിൽ നിന്നുമുള്ള നടീൽ വസ്തുക്കളും മറ്റ് ഉൽപ്പന്നങ്ങളും ത്രിതല പഞ്ചായത്തുകളുടെ കാർഷിക പ്രോജക്ടുകൾക്ക് വേണ്ടിയും നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ